## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 214.** **12/02/2019-ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രവർഗ്ഗക്കാരുടെ സാമ്പത്തിക-സാമൂഹിക ഉന്നമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഡി.കെ. മുരളി<br>,, കെ.കുഞ്ഞിരാമൻ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. പി.കെ. ശശി : | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടിക ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന 101 ഊരുകൾ വികസിപ്പിക്കുന്ന പദ്ധതിയുടെ നിർവഹണം ത്വരിതപ്പെടുത്തുന്നതിനും ഊരിനു പുറത്ത് പലയിടങ്ങളിലായി താമസിക്കുന്നവരുടെ സാമ്പത്തിക, സാമൂഹിക ഉന്നമനത്തിനായുള്ള പി.കെ.കാളൻ പദ്ധതി കാര്യക്ഷമമാക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ കോളനികളിലും 1 കോടി രൂപാ വീതം ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്ക അവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാതലത്തിൽ നിന്നും ശേഖരിച്ചതിനെ തുടർന്ന് 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ 2017-2018 സാമ്പത്തിക വർഷം തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായ 91 കോളനികളിൽ 74 കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭ്യമാകുകയും 73 കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 30 കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച കോളനികളിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാകളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥർ നിർവഹണ ഏജൻസികളുടെ പ്രതിനിധികളുടെ യോഗം വിളിച്ചു ചേർത്ത് സമയ ബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | <u>**പി കെ കാളൻ കുടുംബസഹായ പദ്ധതി**</u><br>സങ്കേതങ്ങൾക്കു പുറത്ത് ഒറ്റപ്പെട്ട് ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ആവിഷ്ക്കരിച്ച പദ്ധതിയാണ് പി.കെ. കാളൻ കുടുംബ സഹായ പദ്ധതി. ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട കോളനികളിലല്ലാതെ ചിന്നിചിതറികിടക്കുന്ന കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി മൈക്രോ പ്ലാനുകൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്. ഇതിൽ ഓരോ കുടുംബത്തിനും ആവശ്യമായി വരുന്ന പ്രധാന ആവശ്യങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിച്ചു നൽകുന്ന രീതിയിലാണ് പദ്ധതി പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. പരമാവധി നിലവിലുള്ള സ്കീമുകളെ സംയോജിപ്പിക്കുന്ന സമീപനമാണ് ഈ മൈക്രോ പ്ലാനുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>ഈ പദ്ധതി നടപ്പിലാക്കിയത് മൂലം ആലപ്പുഴ നിയോജക മണ്ഡലത്തിലെ 53 വീടുകളുടെ മെയിന്റനൻസ് വർക്ക് പൂർത്തീകരിച്ചു. പുതിയ വീടുകളുടെ നിർമ്മാണം, ടോയ് ലറ്റ് നിർമ്മാണം എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ അംഗത്വമില്ലാതിരുന്ന അംഗങ്ങളെ ഉൾപ്പെടുത്തി എസ്.ടി സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു ആരോഗ്യ ഇൻഷ്വറൻസ് ഇല്ലാത്ത 45 കുടുംബങ്ങൾ ഉണ്ടായിരുന്നതിൽ 36 പേർക്ക് ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ലഭിച്ചു തൊഴിൽ കാർഡ് ഇല്ലാത്ത 73 കുടുംബങ്ങൾ ഉണ്ടായിരുന്നതിൽ 62 പേർക്ക് തൊഴിൽ കാർഡ് ലഭിച്ചു വനിതകൾക്കായി കയർ, തടുക്ക് നിർമ്മാണ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കി തൊഴിൽ ചെയ്യുന്നവർക്ക് ദിവസേന 300 രൂപ നിരക്കിൽ മാസാവസാനം തുക ബാങ്ക് അക്കൗണ്ട് വഴി നൽകി വരുന്നു. |
| (ബി) | പട്ടിക ഗോത്ര വർഗ്ഗ മേഖലയിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് അധിക തൊഴിൽ ദിനം ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ട്രൈബൽ പ്ലസ് പ്രകാരം കൃഷി, മൃഗസംരക്ഷണം തുടങ്ങിയ പരമ്പരാഗത ഉപജീവന മാർഗ്ഗങ്ങൾ ആധുനിക വൽക്കരിച്ച് സ്ഥിര വരുമാനം ഉറപ്പാക്കാൻ പദ്ധതിയുണ്ടോ; | (ബി) | ഉണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന കേരള ട്രൈബൽ പ്ലസ് പദ്ധതി MGNREGA സംസ്ഥാനമിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. കേരള ട്രൈബൽ പ്ലസ് പദ്ധതി തൊഴിലുറപ്പ് പദ്ധതി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം മാത്രമേ നടപ്പിലാക്കുവാൻ കഴിയുകയുള്ളു. ഈ പദ്ധതിയിലൂടെ കൃഷി, മൃഗ സംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1. പഴകൃഷി, പട്ടുനൂൽ കൃഷി, തോട്ടവിള കൃഷി, ഫാം ഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തുന്നു.<br>2. തരിശ് ഭൂമി, പാഴ്ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ.<br>3. മൃഗ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ.<br>4. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം.<br><br>കൃഷി, മൃഗസംരക്ഷണ മേഖലയിൽ ആധുനിക വത്കരണത്തിന് സർക്കാർ/ സർക്കാറിതര ഏജൻസികളുമായി സംയോജനത്തിലൂടെ നിലവിലുള്ള MGNREGA മാനദണ്ഡം അനുവദിക്കുന്ന മേഖലകളിൽ നടത്തിയിട്ടുണ്ട്. |
| (സി) | പട്ടിക ഗോത്ര വർഗ്ഗക്കാരായ ഭൂരഹിതർക്ക് വേണ്ടിയും തൊഴിൽ നൈപുണ്യം നേടിയിട്ടുള്ള യുവാക്കളെ സംരംഭകരാക്കുന്നതിനു വേണ്ടിയും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പട്ടികഗോത്ര വർഗ്ഗക്കാരായ ഭൂരഹിതർക്ക് വേണ്ടി പ്രത്യേകമായി കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ പദ്ധതി ഒന്നും നടപ്പാക്കുന്നില്ല. എന്നാൽ തൊഴിൽ നൈപുണ്യം നേടിയിട്ടുള്ള യുവാക്കളെ സംരംഭകരാക്കുന്നതിനുവേണ്ടി കോർപ്പറേഷൻ 50,000/- രൂപ മുതൽ 50 ലക്ഷം രൂപ വരെ പദ്ധതി തുകയുള്ള വിവിധ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. കോർപ്പറേഷൻ കഴിഞ്ഞ 5 വർഷങ്ങളായി ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ സഹായത്തോടെ പ്രസ്തുത വിഭാഗത്തിനായി നടപ്പാക്കിയ പദ്ധതികളുടെ ഫലപ്രാപ്തിയെ കുറിച്ച് പഠനം നടത്തുന്നതിനായി ന്യൂഡൽഹി ആസ്ഥാനമായുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ (IIPA) എന്ന സ്ഥാപനത്തെ കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് ചുമതലപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ